**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 607** **17-09-2025 - ൽ മറുപടിയ്ക്ക്**

**കെൽട്രോണിന്റെ ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കും വിപണി കണ്ടെത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ വി ജോയി,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഇലക്ട്രോണിക്സ് വ്യവസായ രംഗത്ത് ഒരു കാലത്ത് നേതൃസ്ഥാനം വഹിച്ചിരുന്ന കെൽട്രോണിനെ പഴയ പ്രതാപത്തിലേക്ക് തിരികെയെത്തിക്കുമെന്ന ഈ സർക്കാരിന്റെ വാഗ്ദാനം എത്രത്തോളം പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദീകരിക്കുമോ; | (എ) | കെൽട്രോൺ പ്രവർത്തനം ആരംഭിച്ചിട്ട് 50 വർഷം പിന്നിടുന്ന വേളയിൽ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി ഒരു മികച്ച പൊതുമേഖലാ സ്ഥാപനമായി കമ്പനിയെ വളർത്തുവാൻ സാധിച്ചിട്ടുണ്ട്. തദ്വാരാ സംസ്ഥാനത്തെ ഇലക്ട്രോണിക്സ് വ്യവസായ രംഗത്ത് ഒരു കാലത്ത് നേതൃസ്ഥാനം വഹിച്ചിരുന്ന കെൽട്രോണിനെ പഴയ പ്രതാപത്തിലേക്ക് തിരികെ-യെത്തിക്കുമെന്ന സർക്കാരിന്റെ വാഗ്ദാനം പ്രാവർത്തി-കമാക്കുവാനും കഴിഞ്ഞിട്ടുണ്ട്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനായി സർക്കാർ വിഭാവനം ചെയ്തിരുന്ന മാസ്റ്റർ പ്ലാൻ പ്രകാരം 2026-ൽ 1000 കോടി രൂപയുടെ വിറ്റുവരവും 2030-ഓടെ 2000 കോടി രൂപയുടെ വിറ്റുവരവുമുള്ള സ്ഥാപനമായി കെൽട്രോണിനെ വളർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ തന്നെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന വിറ്റുവരവായ 1056 കോടി രൂപ കെൽട്രോൺ കൈവരിക്കുകയും (കെൽട്രോൺ ഗ്രൂപ്പ് ഓഫ് കമ്പനീസ് ഉൾപ്പെടെ 1298 കോടി രൂപ), ലാഭം 28 കോടി രൂപയായി ഉയരുകയും ചെയ്തു.<br><br>കൃത്യസമയത്തുള്ള ബിസിനസ് ചുവടുമാറ്റവും പ്ലാൻ ഫണ്ട് മുഖേന സർക്കാർ നൽകിയ സാമ്പത്തിക സഹായങ്ങളെ യഥാവിധി പ്രയോജനപ്പെടുത്തിയതും കമ്പനിയുടെ ഉന്നമനത്തിന് വഴി തെളിച്ചു.<br><br>ഡിഫൻസ് ഇലക്ട്രോണിക്സിലും, പവർ ഇലക്ട്രോണിക്സിലും സ്പെയ്സ് ഇലക്ട്രോണിക്സിലും കൂടുതൽ ഉല്പാദനം നടത്തിയത് മികച്ച വിപണനത്തിന് സഹായകരമായി. |

| | | | |
|---|---|---|---|
| | | | **ഓട്ടോണമസ് അണ്ടർ വാട്ടർ വെസ്സൽസ്, സബ്മറൈനു വേണ്ടിയുള്ള ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, ഓട്ടോണമസ് അണ്ടർ വാട്ടർ വെസൽസിനുള്ള സോണാർ സിസ്റ്റം, സബ്മറൈൻ കപ്പലുകൾക്ക് വേണ്ട ഇ-എം ലോഗ്, Sonobuoy എന്നിവയുടെ നിർമ്മാണത്തിലൂടെ കെൽട്രോൺ പ്രതിരോധ മേഖലയിൽ മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്.** |
| (ബി) | സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി മികച്ച പൊതുമേഖലാ സ്ഥാപനമായി വളരുവാൻ കെൽട്രോണിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | എ പിരിവിലെ മറുപടി കണ്ടാലും |
| (സി) | വിദേശ രാജ്യങ്ങളിൽ കെൽട്രോണിന്റെ ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കും വിപണി കണ്ടെത്തുന്നതിനും ഇതിന്റെ വിപുലമായ സാധ്യതകൾ പരിശോധിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | ഉണ്ട്.<br><br>ഹാർഡ്‌വെയർ എക്സ്പോർട്ടിങ്ങിന്റെ ഭാഗമായി സിംബാവെയിൽ ഏകദേശം 3000 കോകോണിക്സ് ലാപ്ടോപ്കളുടെ കയറ്റുമതിക്ക് ഓർഡർ ലഭിച്ചു. ഇതിനു പുറമെ കെൽട്രോൺ ഇന്റലിജന്റ് ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റവും, നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് നോളേജ് സർവ്വീസും സിംബാബ്‌വെയിൽ നടപ്പി-ലാക്കുന്ന കാര്യം പരിഗണനയിലുണ്ട്. വിയറ്റ്നാം നേവിക്കായി അന്തർവാഹിനി-കളിൽ ഉപയോഗിക്കുന്ന ലോ ഫ്രീക്വൻസി അൾട്രാസോണിക് ട്രാൻസ്ഡ്യൂസർ എലമെന്റ് വിത്ത് ഇലക്ട്രോണിക്സ് നിർമ്മിച്ച് നൽകുന്നതിനുള്ള ഓർഡറും ലഭിച്ചിട്ടുണ്ട്. റഷ്യൻ നിർമ്മിത യുദ്ധക്കപ്പലുകളിലും കെൽട്രോൺ ഉല്പന്നങ്ങൾ ഉപയോഗിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ